പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6735 — 01.11.2011- ലെ മറുപടി

## വൈപ്പിൻകരയിൽ രാത്രികാല സർവ്വീസുകൾ

ചോദ്യം — ഉത്തരം

ശ്രീ. എസ്. ശർമ്മ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വൈപ്പിൻകരയിൽ രാത്രികാല സർവ്വീസുകൾ നടത്തുന്ന ബസ്സുകൾ കൃത്യമായി ഓടാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) | നിലവിൽ കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ എന്നീ യൂണിറ്റുകളിൽ നിന്നും രാത്രി 09.30 വരെയുള്ള കെ.എസ്.ആർ.ടി.സി. തിരുകൊച്ചി സർവ്വീസുകൾ കൃത്യമായി ഓടുന്നുണ്ട്. രാത്രിയിൽ സർവ്വീസ് നടത്താത്ത സ്വകാര്യ ബസ്സുകൾക്കെതിരെ ചെക്കിംഗ് നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | രാത്രി 9 മണിക്ക് ശേഷം വൈപ്പിൻ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ പേരും നമ്പരും പ്രധാന ഇടങ്ങളിൽ പ്രദർശിപ്പിക്കുവാനും കൃത്യമായി മോണിറ്ററിങ്ങ് നടത്തുവാനും നടപടി സ്വീകരിക്കാമോ ? | (ബി) | സ്വീകരിക്കുന്നതാണ്. രാത്രി നോർത്ത് പറവൂർ യൂണിറ്റിൽ നിന്നുമുള്ള 10.25 ഞാറയ്ക്കൽ കെ.എസ്.ആർ.ടി.സി. സ്റ്റേ സർവ്വീസിന്റെ വിവരം പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ